# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

### എൻഡോസൾഫാൻ ദുരിതബാധിതർക്കും ആശ്രിതർക്കുമുള്ള ധനസഹായം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 55 — 08.6.2015 - ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) | |
| എ) | എൻഡോസൾഫാൻ ദുരിതബാധിതർക്കും ദുരിതബാധിതരായി മരണപ്പെട്ട രോഗികളുടെ ആശ്രിതർക്കും എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് പറയാമോ; | എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർ എന്നിവർക്ക് 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപാ വീതവും ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ധനസഹായത്തിന്റെ രണ്ടു ഗഡുക്കൾ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹതപ്പെട്ടവർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ പട്ടികയിൽപ്പെട്ട കാൻസർരോഗികൾക്കും, മേൽപ്പറഞ്ഞ ശാരീരിക വൈകല്യമുള്ളവർക്ക്, ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത അതേ മാതൃകയിൽ 3 ലക്ഷം രൂപാ വിതം അനുവദിച്ചതിൽ, അർഹരായവർക്ക് രണ്ടു ഗഡുക്കൾ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്.<br>നിലവിൽ ആദ്യഗഡു ധനസഹായം കൈപ്പറ്റുകയും എന്നാൽ രണ്ടാംഗഡു ധനസഹായം അനുവദിക്കുന്നതിനു മുമ്പ് മരണപ്പെട്ടവരുമായ ദുരിതബാധിതരുടെ അവകാശികൾക്ക് പ്രസ്തുത ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം വിവിധ കാറ്റഗറികളിലായി 1200, 2200 രൂപാ നിരക്കിൽ പ്രതിമാസ പെൻഷൻ അനുവദിച്ച് വരുന്നുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവരെയും, ബുദ്ധിമാന്ദ്യം സംഭവിച്ചവരെയും പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതി പ്രകാരം പ്രതിമാസം പെൻഷനും അനുവദിച്ച വരുന്നുണ്ട്.<br>എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാതെ, എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ടവരെന്ന് കണ്ടെത്തിയിട്ടുള്ള വരുമായവരുടെ ആശ്രിതർക്ക് ഡെത്ത് ഓഡിറ്റ് കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള പ്രത്യേക ധനസഹായം അനുവദിച്ച വരുന്നുണ്ട്. |
| ബി) | സഹായധനം കൃത്യമായി വിതരണം ചെയ്യപ്പെടുന്നുണ്ടോ ; | ബി) | വിതരണം ചെയ്തുവരുന്നുണ്ട്. |
| സി) | ദുരിതബാധിതർക്ക് ചികിത്സിക്കുന്നതിനായി ഏതൊക്കെ ആശുപത്രികളിലാണ് സൌജന്യ സൌകര്യം ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | സി) | മെഡിക്കൽ കോളേജുകളുൾപ്പെടെ താഴെ കൊടുത്തിട്ടുള്ള 17 ആശുപത്രികൾ ദുരിതബാധിതർക്ക് സൌജന്യ വിദഗ്ധ ചികിത്സ നൽകുന്നതിനായി എം പാനൽ ചെയ്തിട്ടുണ്ട്.<br>1. യേനപ്പായ മെഡിക്കൽ കോളേജ് ആശുപത്രി, മംഗലാപുരം<br>2. പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ<br>3. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി<br>4. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം<br>5. റീജിണൽ കാൻസർ സെന്റർ, തിരുവനന്തപുരം |

| | | | |
|---|---|---|---|
| | | | 6. മലബാർ കാൻസർ സെന്റർ, തലശ്ശേരി<br>7. ഐക്കോൺസ്, ഷൊർണ്ണൂർ<br>8. ഡബ്ള്യു & സി ആശുപത്രി, മങ്ങാട്ടു പറമ്പ്<br>9. ജനറൽ ആശുപത്രി, കാസറഗോഡ്<br>10. ജനറൽ ആശുപത്രി, തലശ്ശേരി<br>11. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്<br>12. ജില്ലാ ആശുപത്രി, കണ്ണൂർ<br>13. കസ്തൂർബാ മെഡിക്കൽ കോളേജ് ആശുപത്രി, മണിപ്പാൽ<br>14. കസ്തൂർബാ മെഡിക്കൽ കോളേജ് ആശുപത്രി, മംഗലാപുരം<br>15. ലിറ്റിൽ ഫ്ലവർ ആശുപത്രി, അങ്കമാലി<br>16. ആയുർവേദ കോളേജ് , പരിയാരം<br>17. ഗവ. ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് |
| ഡി) | മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകാനുള്ള സഹായധനം പൂർണ്ണമായും നൽകിയിട്ടുണ്ടോ? എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ ധനസഹായത്തിന് ശുപാർശ ചെയ്ത വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തി ധനസഹായം കൈപ്പറ്റാതെ മരണപ്പെടുന്ന പക്ഷം ടിയാന്റെ ആശ്രിതർക്ക് പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നതാണ്.<br>ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാതെ മരണപ്പെട്ടതും എന്നാൽ ദുരിതബാധിതരെന്ന് കണ്ടെത്തുന്നതുമായ വ്യക്തികളുടെ ആശ്രിതർക്ക് ഡെത്ത് ഓഡിറ്റ് കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത ധനസഹായം നൽകിവരുന്നുണ്ട്. ആയതിലേക്ക് മരണപ്പെട്ടവരുടെ ആശ്രിതരിൽ നിന്ന് അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ